# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 31.03.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമു രണ്ടു ദിവസത്തെ സന്ദർശനത്തിനായി വൈകുന്നേരം മുംബൈയിലെത്തും.

   **President Draupadi Murmu will arrive in Mumbai this evening for a two-day visit.**

2. ഛത്തീസ്ഗഢിലെ നക്സൽബാധിത പ്രദേശങ്ങളിൽ സമാധാനത്തിൻറെ പുതുയുഗത്തിന് തുടക്കമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi says it is the beginning of a new era of peace in the Naxal-affected areas of Chhattisgarh.**

3. ഉധംപൂർ-ശ്രീനഗർ-ബാരാമുള്ള റെയിൽ പാത പൂർത്തിയായി. കത്രയിൽ നിന്ന് കശ്മീരിലേക്കുള്ള ആദ്യ വന്ദേ ഭാരത് എക്സ്പ്രസ്, പ്രധാനമന്ത്രി അടുത്തമാസം ഫ്ലാഗ് ഓഫ് ചെയ്യും.

   **Udhampur-Srinagar-Baramulla railway line has been completed. The first Vande Bharat Express from Katra to Kashmir will be flagged off by the Prime Minister next month.**

4. സ്നേഹത്തിൻറേയും ത്യാഗത്തിൻറേയും സന്ദേശവുമായി വ്രതശുദ്ധിയുടെ നിറവിൽ രാജ്യമൊട്ടാകെ ഈദ്-ഉൽ- ഫിത്തർ ആഘോഷം.

   **Eid-ul-Fitr is being celebrated across the country with a message of love and sacrifice.**

5. മലയാളി നഴ്സുമാർക്ക് ലോകമെമ്പാടും സ്വീകാര്യതയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

**Chief Minister Pinarayi Vijayan says Malayali nurses are accepted all over the world.**

6. ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ്- കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് പോരാട്ടം.

**Mumbai Indians-Kolkata Knight Riders clash in IPL cricket today.**

**&&&&&&&&&&&&&&&&&**

## HEADLINE 1
## PRESIDENT

രാഷ്ട്രപതി ദ്രൗപദി മുർമു രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഇന്ന് വൈകിട്ട് മുംബൈയിലെത്തും. നാളെ റിസർവ് ബാങ്കിന്റെ 90-ാം വാർഷികാഘോഷ സമാപന ചടങ്ങിൽ രാഷ്ട്രപതി പങ്കെടുക്കും.

**&&&&&&&&&&&&&&&&&**

## HEADLINE 2
## PM - CHHATTISGARH (INTRO)

ഛത്തീസ് ഗഡിലെ നക്സൽബാധിത പ്രദേശങ്ങളിൽ സമാധാനത്തിൻറെ പുതുയുഗത്തിന് തുടക്കമാകുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഛത്തീസ്ഗഢിലെ ബിലാസ്പുരിൽ 33,700 കോടി രൂപയുടെ വിവിധ വികസന പദ്ധതികളുടെ സമർപ്പണവും ശിലാസ്ഥാപനവും നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ്)

പിഎം ആവാസ് യോജന - ഗ്രാമീൺ പ്രകാരം മൂന്ന് ലക്ഷം ഗുണഭോക്താക്കളുടെ ഗൃഹപ്രവേശനച്ചടങ്ങും

പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു. ഈ സംരംഭങ്ങൾ ആയിരക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുകയും ചെയ്യുമെന്ന് ശ്രീ മോദി പറഞ്ഞു. സ്മാർട്ട് ക്ലാസ് മുറികളും ആധുനിക ലബോറട്ടറികളും സജ്ജീകരിച്ച 130 PM-SHRI സ്കൂളുകൾ, മാവോയിസ്റ്റ് ബാധിത പ്രദേശങ്ങളിൽ കണക്റ്റിവിറ്റി മെച്ചപ്പെടുത്താൻ വിപുലമായ ഗ്രാമീണ റോഡുകളുടെ ശൃംഖല എന്നിവയ്ക്കും പ്രധാനമന്ത്രി തുടക്കം കുറിച്ചു.

&&&&&&&&&&&&&&&&&

## CHHATTISGARH-MAOISTS

ഛത്തീസ്ഗഢിലെ ദന്തേവാഡ ജില്ലയിൽ സുരക്ഷാ സേനയും മാവോയിസ്റ്റുകളും തമ്മിലുള്ള ഏറ്റുമുട്ടലിൽ ഒരു വനിതാ മാവോയിസ്റ്റ് കൊല്ലപ്പെട്ടു. ബിജാപൂർ-ദന്തേവാഡ ജില്ലാ അതിർത്തിയിലുള്ള വനമേഖലയിൽ സുരക്ഷാ സേനയുടെ സംയുക്ത സംഘം നക്സൽ വിരുദ്ധ ഓപ്പറേഷൻ നടത്തിയിരുന്നു. സംഭവ സ്ഥലത്തുനിന്ന് സ്ഫോടക വസ്തുക്കൾ കണ്ടെടുത്തു. പ്രദേശത്ത് തിരച്ചിൽ പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&&&&

## AFSPA -MANIPUR

മണിപ്പൂരിലും, അരുണാചൽ- നാഗാലാൻഡ് സംസ്ഥാനങ്ങളിലെ ചില പ്രദേശങ്ങളിലും നിലവിലുള്ള സായുധ സേനാ പ്രത്യേക അധികാര നിയമം ആറ് മാസത്തേക്ക് കൂടി നീട്ടാൻ കേന്ദ്രം തീരുമാനിച്ചു. AFSPA നിലവിലുണ്ടായിരുന്ന ഈ പ്രദേശങ്ങളിലെ ക്രമസമാധാന സാഹചര്യങ്ങൾ അവലോകനം ചെയ്ത ശേഷമാണ് തീരുമാനം. വംശീയ അക്രമങ്ങളെത്തുടർന്ന് ഫെബ്രുവരി 13 മുതൽ മണിപ്പൂർ രാഷ്ട്രപതി ഭരണത്തിലാണ്.

&&&&&&&&&&&&&&&&&

## HEADLINE 3

## KATRA – PM

ഉധംപൂർ-ശ്രീനഗർ-ബാരാമുള്ള റെയിൽ പാത പൂർത്തിയായി. 272 കിലോമീറ്റർ ദൈർഘ്യമുള്ളതാണ് റെയിൽപാത. ഇതിന്റെ ഭാഗമായി കത്രയിൽ നിന്ന് കശ്മീരിലേക്കുള്ള ആദ്യ വന്ദേ ഭാരത് എക്സ്പ്രസ്, പ്രധാനമന്ത്രി നരേന്ദ്ര മോദി അടുത്തമാസം 19 ന് ഫ്ലാഗ് ഓഫ് ചെയ്യും. ലോകത്തിലെ ഏറ്റവും ഉയരം കൂടിയ റെയിൽ പാലവും അന്നേ ദിവസം പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.1997 ൽ ആരംഭിച്ച റെയിൽ പദ്ധതിക്ക് ദുഷ്കരമായ ഭൂപ്രകൃതി കാരണം നിരവധി തടസ്സങ്ങളും കാലതാമസവും നേരിടേണ്ടി വന്നു. ഇതിൽ 38 തുരങ്കങ്ങൾ, 927 പാലങ്ങൾ, ഈഫൽ ടവറിനേക്കാൾ ഉയരമുള്ള 1,315 മീറ്റർ നീളമുള്ള ചെനാബ് പാലം എന്നിവ ഉൾപ്പെടുന്നു. ജമ്മുവിനും ശ്രീനഗറിനും ഇടയിലുള്ള യാത്രാ സമയം ഗണ്യമായി കുറയ്ക്കാനും പ്രദേശങ്ങൾ തമ്മിൽ ബന്ധിപ്പിക്കാനും ഈ പാത സഹായകമാകും.

&&&&&&&&&&&&&&&&&&&

## MYANMAR QUAKE 1

മ്യാൻമർ ഭൂകമ്പത്തെ ലോകാരോഗ്യ സംഘടന ഉന്നതതല അടിയന്തരാവസ്ഥയുടെ ഗണത്തിൽപ്പെടുത്തി. ദുരന്തത്തിൽ അകപ്പെട്ടവരുടെ ജീവൻ രക്ഷിക്കുന്നതിനും പകർച്ചവ്യാധികൾ പടരുന്നത് തടയുന്നതിനുമായി അടുത്ത മാസത്തേക്ക് 8 ദശലക്ഷം യുഎസ് ഡോളർ അടിയന്തര സഹായവും ലോകാരോഗ്യ സംഘടന തേടി. പരിമിതമായ മെഡിക്കൽ സൗകര്യങ്ങൾ കാരണം, പരിക്കേറ്റ നിരവധി പേർ അണുബാധ സാധ്യത നേരിടുകയാണ്. WHO ഇതിനകം മൂന്ന് ടൺ മെഡിക്കൽ സാധനങ്ങൾ ദുരന്ത മേഖലയിൽ എത്തിച്ചു . ഇന്ത്യ ഉൾപ്പെടെ നിരവധി രാജ്യങ്ങൾ അടിയന്തര സാധനങ്ങളും രക്ഷാപ്രവർത്തക സംഘങ്ങളെയും സംഭവസ്ഥലത്തേയ്ക്ക് അയച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## OPERATION BRAHMA-MEA

ഓപ്പറേഷൻ ബ്രഹ്മയുടെ ഭാഗമായി മ്യാൻമറിലെ 'ഉഹ്ലാ തീൻ ' ആശ്രമത്തിൽ ദേശീയ ദുരന്ത പ്രതികരണ സേന രക്ഷാപ്രവർത്തനം ആരംഭിച്ചതായി വിദേശകാര്യ മന്ത്രാലയം. മ്യാൻമറിൽ ഉണ്ടായ ഭൂകമ്പത്തിൽ ഏകദേശം 170 സന്യാസിമാരാണ് അവിടെ കുടുങ്ങിക്കിടക്കുന്നത്. ഭൂകമ്പത്തിൽ 11 നിലകളുള്ള 4 ടവറുകൾ തകർന്ന സ്കൈ വില്ലയിലും എൻഡിആർഎഫ് സംഘത്തെ വിന്യസിക്കാൻ വിദേശകാര്യ മന്ത്രാലയം ശ്രമിക്കുന്നുണ്ട്. ഭൂകമ്പത്തിൽ പെട്ട ഇന്ത്യൻ സമൂഹത്തിനുള്ള സഹായം നൽകുന്നുണ്ടെന്നും മന്ത്രാലയം കൂട്ടിച്ചേർത്തു.

&&&&&&&&&&&&&&&&&&

## MYANMAR QUAKE 2

മ്യാൻമറിൽ വെള്ളിയാഴ്ചയുണ്ടായ ഭുകമ്പത്തിൽ മരണസംഖ്യ ഇനിയും ഉയരാൻ സാധ്യതയെന്ന് രക്ഷാപ്രവർത്തക സംഘം. 7.7 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പം വ്യാപകമായ നാശനഷ്ടങ്ങൾക്കും, 1,700 ൽ അധികം പേരുടെ മരണത്തിനും ഇടയാക്കി. 3,400 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. 300 ൽ അധികം ആളുകളെ കാണാതായിട്ടുണ്ട്. ഭൂകമ്പത്തിൽ അയൽരാജ്യമായ തായ്‌ലൻഡിൽ മരണസംഖ്യ 18 ആയി ഉയർന്നതായും, 32 പേർക്ക് പരിക്കേറ്റതായും 82 പേരെ കാണാതായതായും സ്ഥിരീകരിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## HEADLINE 6

## IPL

ഐപിഎൽ ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസിന് ആദ്യ ജയം. ചെന്നൈ സൂപ്പർ കിങ്സിനെ രാജസ്ഥാൻ ആറ് റൺസിന്

തോൽപ്പിച്ചു. ഇന്ന് മുംബൈ ഇന്ത്യൻസ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും.

**&&&&&&&&&&&&&&&&&&&&**

**ISL**

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോളിലെ സെമി ഫൈനൽ മത്സരങ്ങൾക്ക് മറ്റന്നാൾ തുടക്കമാകും .പോയിന്റ് പട്ടികയിൽ മോഹൻ ബഗാനും ഗോവയുമാണ് ഒന്നും രണ്ടും സ്ഥാനങ്ങളിൽ. രണ്ടു പാദങ്ങളായി 4 സെമിഫൈനൽ മത്സരങ്ങളാണുള്ളത് . സെമിയിൽ ഗോവ - ബംഗളുരുവിനെയും ,മോഹൻ ബാഗാൻ - ജംഷഡ്പൂറിനേയും നേരിടും.12 നാണ് ഫൈനൽ .

**&&&&&&&&&&&&&&&&&&&&**

**HEADLINE 4**

**EID- PREZ, VC, GOVR,PM, CM- INTRO**

വ്രതാനുഷ്ഠാനവും രാവേറെ നീണ്ടു നിന്ന പ്രാർഥനകളും കൊണ്ട് ധന്യമാക്കപ്പെട്ട റംസാൻ മാസത്തിന് വിടചൊല്ലി രാജ്യമെമ്പാടും ഇസ്‌ലാം മതവിശ്വാസികൾ ഈദ്-ഉൽ-ഫിത്തർ ആഘോഷിക്കുന്നു. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേകർ, മുഖ്യമന്ത്രി പിണറായി വിജയൻ തുടങ്ങിയ പ്രമുഖർ ഈദ്-ഉൽ-ഫിത്തർ ദിനത്തിൽ രാജ്യത്തെ ജനങ്ങൾക്ക് ആശംസകൾ നേർന്നു.

(VOICE)

**EID- PREZ, VC, GOVR,PM, CM- VOICE**

ഈദ് ഉത്സവം എല്ലാവരുടെയും ജീവിതത്തിൽ സമാധാനവും സമൃദ്ധിയും സന്തോഷവും കൊണ്ടുവരട്ടെയെന്നും നന്മയുടെ പാതയിൽ മുന്നോട്ട് പോകാൻ മനസ്സിനെ ശക്തിപ്പെടുത്തട്ടെയെന്നും രാഷ്ട്രപതി ദ്രൗപദി മുർമു

ആശംസിച്ചു. ജനാധിപത്യത്തിന്റെ അടിസ്ഥാനമായ ഐക്യം, കാരുണ്യം, പരസ്പര ബഹുമാനം എന്നീ ഭരണഘടനാപരമായ ആദർശങ്ങളെ ഈദ് ഉൾക്കൊള്ളുന്നുവെന്ന് ഉപരാഷ്ട്രപതി പറഞ്ഞു. ഈ ശുഭ മുഹൂർത്തം നമ്മുടെ ഹൃദയങ്ങളിലും വീടുകളിലും സമാധാനവും സന്തോഷവും കാരുണ്യവും നിറയ്ക്കട്ടെയെന്ന് ആശംസാ സന്ദേശത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. കനിവും സാഹോദര്യവും ഈദ് ആഘോഷത്തിൽ മാത്രമല്ല, ജീവിതത്തിലും മാർഗദീപമാകട്ടെയെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേകർ ആശംസിച്ചു. പരസ്പര വിശ്വാസത്തിലും സഹോദര്യത്തിലുമൂന്നിയ സാമൂഹിക ബന്ധങ്ങളുടെ തിളക്കമാണ് ഈദ് ആഘോഷങ്ങളുടെ സവിശേഷതയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.
ന്യൂസ് ഡെസ്ക് ആകാശവാണി..

&&&&&&&&&&&&&&&&&&&

## DELHI EID

വ്രത ശുദ്ധിയുടെ നിറവിൽ രാജ്യതലസ്ഥാനത്ത് വിപുലമായ ചെറിയ പെരുന്നാൾ ആഘോഷം. ഈദ്ഗാഹിലും പള്ളികളിലും വിശ്വാസികൾ ഈദ് നമസ്കാരം നത്തി. ഡൽഹിയിൽ, ജുമാ മസ്ജിദ്, ഫത്തേപുരി മസ്ജിദ്, ഷാഹി ഈദ്ഗാഹിൽ പ്രത്യേക പ്രാർത്ഥനകൾക്കായി ആളുകൾ ഒത്തുകൂടി, തുടർന്ന് പരസ്പരം ഊഷ്മളമായ ആശംസകൾ കൈമാറി. ഡൽഹിയിലെ ജുമാ മസ്ജിദിന് സമീപമുള്ള മാർക്കറ്റുകൾ ഉത്സവത്തിനായി അലങ്കരിച്ചിരുന്നു. വസ്ത്രങ്ങൾ, മധുരപലഹാരങ്ങൾ, മറ്റ് വസ്തുക്കൾ എന്നിവ വാങ്ങാനായി മാർക്കറ്റുകളിൽ വൻ ജനത്തിരക്ക് അനുഭവപ്പെട്ടു. ആഘോഷത്തോടനുബന്ധിച്ച് തലസ്ഥാനത്ത് വിപുലമായ സുരക്ഷാ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

&&&&&&&&&&&&&&&&&&&

## HEADLINE 5

## SARADA MADAM- CM

ലോകത്തിൻ്റെ ഏത് ഭാഗത്തുള്ളവരും മലയാളി നേഴ്സുമാരെയാണ് തേടുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ശ്രീശാരദാമഠം നഴ്സിംഗ് കോളജിൻ്റെ ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം. നേഴ്സുമാർക്കായി ശ്രദ്ധേയമായ ഇടപെടലുകൾ ആണ് സർക്കാർ നടത്തുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. നിപ ബാധിച്ച് മരിച്ച സിസ്റ്റർ ലിനിയെയും ചടങ്ങിൽ മുഖ്യമന്ത്രി അനുസ്മരിച്ചു. സേവന പാരമ്പര്യത്തെ സംരക്ഷിക്കുന്നതിൽ ശ്രീരാമകൃഷ്ണ മിഷൻ വലിയ പങ്കു വഹിച്ചിട്ടുണ്ടെന്ന് കേന്ദ്ര മന്ത്രി ജെ പി നഡ്ഡ ചടങ്ങിൽ വീഡിയോ സന്ദേശത്തിൽ പറഞ്ഞു. ശ്രീരാമകൃഷ്ണ പരമഹംസരുടെ കാഴ്ചപ്പാട് പൂർത്തീകരിക്കാൻ എല്ലാവിധ ആശംസകളും നേരുന്നതായും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&

## NIA ARREST

അമേരിക്കയിലേക്ക് നിയമവിരുദ്ധമായി ഒരാളെ കടത്തിയ കേസിൽ ഉൾപ്പെട്ട പ്രധാന പ്രതിയെ ദേശീയ അന്വേഷണ ഏജൻസി അറസ്റ്റ് ചെയ്തു. ഈ മാസം ആദ്യം, ഇരയെ ഇന്ത്യയിലേക്ക് തിരിച്ചയച്ചതായി എൻഐഎ പ്രസ്താവനയിൽ പറഞ്ഞു. ഇരയുടെ പരാതി പ്രകാരം, അനധികൃത കുടിയേറ്റത്തിനായി പ്രതിയ്ക്ക് ഏകദേശം 45 ലക്ഷം രൂപ നൽകിയതായി അന്വേഷണ ഏജൻസി അറിയിച്ചു. വ്യക്തികളെ വിദേശത്തേക്ക് അയയ്ക്കുന്നതിനുള്ള ലൈസൻസോ നിയമപരമായ അനുമതിയോ രജിസ്ട്രേഷനോ ഇല്ലാതെയാണ് പ്രതി, ആളുകളെ അമേരിക്കയിലേക്ക് കടത്തിയതെന്നും എൻഐഎ അന്വേഷണത്തിൽ കണ്ടെത്തി.

&&&&&&&&&&&&&&&&&

## FUR. REV. GANGOTRI DHAM

ഉത്തരാഖണ്ഡിലെ ഗംഗോത്രി ധാമിന്റെ കവാടങ്ങൾ അടുത്ത മാസം 30 ന് ഭക്തർക്കായി തുറക്കും. ഇന്നലെ മുഖ്വയിൽ നടന്ന യോഗത്തിലാണ് ശ്രീ ഗംഗോത്രി ക്ഷേത്ര കമ്മിറ്റി ഇത് സംബന്ധിച്ച തീരുമാനമെടുത്തത്. അക്ഷയതൃതീയ ദിനമായ അന്ന് യമുനോത്രി ധാമിന്റെ വാതിലുകളും വിശ്വാസികൾക്കായി തുറന്നു കൊടുക്കും. ഇതോടെ സംസ്ഥാനത്ത് ചാർ ധാം യാത്ര ആരംഭിക്കും. കേദാർനാഥിന്റെ കവാടങ്ങൾ മെയ് 2 നും ബദരീനാഥ്ധാമിന്റെ വാതിലുകൾ മെയ് 4 നും തുറക്കും.

&&&&&&&&&&&&&&&&&&

&&&&&&&&&&&&

&&&